# കാർഷികകാലാവസ്ഥബുള്ളറ്റിൻ - തിരുവനന്തപുരംജില്ല

**(ദക്ഷിണ മേഖലകാർഷികഗവേഷണകേന്ദ്രംവെള്ളായണിയും, ഭാരതീയകാലാവസ്ഥവകുപ്പുംസംയുക്തമായിനൽകുന്നത്)**

നമ്പർ:TVM-AAS-60/2024 തീയ്യതി: 26.07.2024

### കഴിഞ്ഞആഴ്ചയിലെ അന്തരീക്ഷ സ്ഥിതി

| മഴ(മില്ലി.മീറ്റർ) | ഉയർന്ന താപനില ($0^C$) | കുറഞ്ഞ താപനില ($0^C$) | അന്തരീക്ഷ ആർദ്രത (%) | ബാഷ്പീകരണം(മില്ലി.മീറ്റർ) |
|---|---|---|---|---|
| 16.2 | 31.9 – 31.1 | 22.9– 23.1 | 77-98 | 3.1-4.2 |

### അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥ പ്രവചനം

| Weather parameters | 27/07/2024 | 28/07/2024 | 29/07/2024 | 30/07/2024 | 31/07/2024 |
|---|---|---|---|---|---|
| മഴ (മില്ലി. മീറ്റർ) | 10 | 6 | 15 | 5 | 7 |
| ഉയർന്നതാപനില($^0$C) | 32 | 33 | 33 | 32 | 32 |
| കുറഞ്ഞതാപനില($^0$C) | 25 | 25 | 25 | 25 | 25 |
| കൂടിയഅന്തരീക്ഷആർദ്രത (%) | 95 | 90 | 90 | 91 | 90 |
| കുറഞ്ഞഅന്തരീക്ഷആര്ദ്രത(%) | 70 | 75 | 73 | 73 | 84 |
| കാറ്റിന്റെവേഗത (കിലോമീറ്റർ /മണിക്കൂർ) | 18 | 14 | 14 | 8 | 12 |
| കാറ്റിന്റെദിശ (ഡിഗ്രി) | 290 | 290 | 290 | 290 | 320 |
| മേഘവ്യപ്തി(ഒക്ടs) | 8 | 8 | 8 | 7 | 7 |
| കാലാവസ്ഥസംഗ്രഹം /അലേർട്ട് | ജില്ലയിൽഒറ്റപ്പെട്ടസ്ഥലങ്ങളിൽ നേരിയതും മിതമായതുമായ മഴയ്ക്ക്സാധ്യതയുണ്ട്. കേരളത്തിൽസാധാരണയിലും കൂടുതൽ മഴയ്ക്ക്സാധ്യത. | | | | |
| പൊതു നിർദ്ദേശങ്ങള് | വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീർവാർച്ചാസൗകര്യങ്ങൾ ഉറപ്പുവരുത്തുക. വാഴകൾക്ക് താങ്ങുകാലുകൾ നൽകുക.പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക.മഴയില്ലാത്ത സമയത്ത്മാത്രം കീടനാശിനി പ്രയോഗം നടത്തുക. | | | | |

### കാർഷിക നിർദ്ദേശങ്ങള്

| വിളകൾ | രോഗ-കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറുകഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനീലിപ്രോൾ 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ഇല കരിച്ചിൽ | ഓലകളിൽ തവിട്ടു നിറത്തിലുള്ള പൊട്ടുകൾ കാണുന്നു. രോഗം രൂക്ഷമാകുമ്പോൾ ഓലകൾ കരിയുന്നു. തെങ്ങിന്റെ മണ്ടയിൽ 1% വീര്യമുള്ള ബോർഡോ മിശ്രിതം അഥവാ പ്രൊപ്പികൊണസോൾ 2 മിലി/ലി തളിക്കുക. |
| പച്ചക്കറി (വഴുതന) | ബാക്റ്റീരിയൽ വാട്ടം | ബാക്റ്റീരിയൽ വാട്ടരോഗം കാണാൻ സാധ്യതയുണ്ട് ഇതിനെ നിയന്ത്രിക്കാൻ സ്ട്രെപ്റ്റോസൈക്ലിൻ 0.5ഗ്രാം / ലിറ്റർ എന്നതോതിലോ അല്ലെങ്കിൽ സ്യൂഡോമോണാസ് 20ഗ്രാം / ലിറ്റർ എന്നതോതിൽ ഒരു കിലോ വിത്തിനെ പരിചരിക്കുക. രോഗനിർണയിത്തിനായി തണ്ടു മുറിച്ച് തുറക്കുമ്പോൾ, |

| | | |
|---|---|---|
| | | ചെടിയുടെ വാസ്കുലർ ടിഷ്യുവിനെ കോളനി ചെയ്യുന്ന ബാക്ടീരിയകൾ കാരണം, ആന്തരിക നിറ വ്യത്യാസം കാണാൻ കഴിയും. രോഗബാധയുള്ള തണ്ട് മുറിച്ചു, കഷണങ്ങൾ വെള്ളത്തിൽമുക്കിയാൽ വെളുത്ത പാൽ പോലെയുള്ള ബാക്ടീരിയയുടെ സ്രവം കാണാൻ കഴിയും. |
| മൃഗസംരക്ഷണം | കൊതുക് മുട്ടയിട്ട് പെരുകുന്നത് തടയാൻ തൊഴുത്തും പരിസരവും വൃത്തിയായി വെയ്ക്കുവാനും വെള്ളക്കെട്ട് ഇല്ലാതിരിക്കാനും ശ്രെദ്ധിക്കുക ചാണക കുഴികളിൽ മഴ നേരിട്ട് വീഴാതെ മൂടി വെക്കുക. | |